

# ചൊക്കന
# സെന്റ് മേരീസ് ഇടവക

വെള്ളിക്കുളങ്ങരയുടെ സമീപത്ത് കുറുമാലി പുഴയോട് ചേർന്ന് കിടക്കുന്ന റിസർവ് വനവും തേക്ക് പ്ലാന്റേഷനും റബ്ബർ എസ്റ്റേറ്റും കൃഷി ഭൂമിയുമെല്ലാം ഉൾപ്പെടുന്ന ജനവാസമുള്ള പ്രദേശമാണ് ചൊക്കന. ഏകദേശം 40 വർഷം മുമ്പ് ഇവിടെ 15 ക്രിസ്തീയ കുടുംബങ്ങൾ ഉണ്ടായിരുന്നു. അക്കാലത്ത് അവരുടെ മതപരമായ ആവശ്യങ്ങൾ മൂന്നുമുറി പള്ളിയിലും വെള്ളിക്കുളങ്ങര പള്ളിയിലുമാണ് നടത്തിയിരുന്നത്.

പിന്നീട് അമ്പനോളിയിൽ പള്ളി സ്ഥാപിതമായതിനുശേഷം അവിടെ വൈദികൻ സ്ഥിരവാസമായപ്പോൾ 1972 മുതൽ അമ്പനോളിയുടെ ഭാഗമായും 1976 മുതൽ കൊടുങ്ങ ഇടവകയുടെ ഭാഗമായും തീർന്നു.

## പള്ളി

ബഹു. ജോൺ തെക്കേക്കരയച്ചന്റെ കാലഘട്ടത്തിൽ (1981-85) ഇവിടെയുള്ള വീട്ടുകാരുടെ താത്പര്യം പരിഗണിച്ച് ഒരു കുരിശുപള്ളി പണിയാൻ നിശ്ചയിച്ചു; മൂന്ന് സെന്റ് സ്ഥലവും വാങ്ങി. ഈ വിവരം ഇരിങ്ങാലക്കുട രൂപതാ മെത്രാൻ മാർ ജെയിംസ് പഴയാറ്റിലിനെ അറിയിച്ചതിനെത്തുടർന്ന് പള്ളിയുടെ പുരോഗതിക്കുവേണ്ടി കൂടുതൽ സ്ഥലം വാങ്ങാൻ അഭിവന്ദ്യ പിതാവ് ജനങ്ങൾക്ക് പ്രചോദനം നല്കി. അപ്രകാരം ജനങ്ങളിൽ നിന്ന് പിരിവെടുത്ത് താക്കോൽക്കാരൻ അന്തോണി, ചേറേങ്ങാടൻ ജോസ് എന്നിവരുടെ നേതൃത്വത്തിൽ 54 സെന്റ് ഭൂമി വാങ്ങി പ്രസ്തുത സ്ഥലത്ത് അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് 1983 നവംബർ 14-ന് പരി. കന്യകാമാതാവിന്റെ നാമധേയത്തിലുള്ള പള്ളിക്ക് തറക്കല്ലിട്ട് പണിയാരംഭിച്ചു. പണി തുടർന്നുകൊണ്ടിരിക്കുമ്പോൾ തന്നെ പള്ളിയുടെ മുൻവശത്ത് കപ്പേള പണിത് പരി. മാതാവിന്റെ തിരുസ്വരൂപം വെഞ്ചിരിച്ച് സാഘോഷം സ്ഥാപിച്ചു.

പള്ളിപണിയുടെ സഹായത്തിനും സമൂഹത്തിന്റെ ശരിയായ രൂപീകരണത്തിനുമായി അന്ന് ഫാമിലി അപ്പസ്തൊലേറ്റ് രൂപതാ ഡയറക്ടറായിരുന്ന ബഹു. ജേക്കബ് പുതുശ്ശേരിയച്ചനും ടീമിലെ ബഹു. ക്ലാരിസ്റ്റ് സിസ്റ്റേഴ്സും രംഗത്ത് വന്നു. ബഹു. സിസ്റ്റേഴ്സ് നായാട്ടുകുണ്ടിൽ താമസിച്ച് ആവശ്യാനുസരണം നേതൃത്വവും സഹായസഹകരണങ്ങളും നല്കി. പള്ളിയുടെ നിർമ്മാണപ്രവർത്ത

നങ്ങൾക്ക് ബഹു. ജോൺ തെക്കേക്കര അച്ചനോട് ചേർന്ന് താക്കോൽക്കാരൻ അന്തോണി, വെളിയത്തുപറമ്പിൽ വർഗ്ഗീസ് എന്നിവർ നേതൃത്വം നല്കിയിരുന്നു. അന്ന് ഇവിടെയുണ്ടായിരുന്നത് 28 വീട്ടുകാരാണ്. യഥാസമയം പൂർത്തിയായ പള്ളിയുടെ വെഞ്ചിരിപ്പുകർമ്മം 1985 മേയ് 5-ാം തിയ്യതി അഭിവന്ദ്യപിതാവ് മാർ ജെയിംസ് പഴയാറ്റിൽ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

തുടർന്ന് ഇവിടെ ഞായറാഴ്ചകളിലും മറ്റു കടമുള്ള ദിവസങ്ങളിലും കുർബാനയ്ക്ക് സൗകര്യത്തിനുവേണ്ടി അന്നുണ്ടായിരുന്ന 28 വീട്ടുകാർ ബഹു. ജോൺ തെക്കേക്കരയച്ചന്റെ നേതൃത്വത്തിൽ അഭിവന്ദ്യ പിതാവിന് അപേക്ഷ സമർപ്പിച്ചതനുസരിച്ച് രൂപതയിൽ നിന്ന് അനുവാദം ലഭിച്ചു. വെള്ളിക്കുളങ്ങര വികാരിക്ക് ഈ കുരിശുപള്ളിയിൽ ഞായറാഴ്ചകളിലും മറ്റും തിരുക്കർമ്മങ്ങളും ഇവിടത്തെ അജപാലന ശുശ്രൂഷകളും നടത്താനുള്ള ചുമതല നല്കി. ഇപ്രകാരം ആദ്യമായി നിയുക്തനായത് ബഹു. തോമസ് ആലപ്പാട്ട് അച്ചനായിരുന്നു. ഈ സംവിധാനം 1991 വരെ തുടർന്നു.

## മതബോധനം

1985-ൽ തന്നെ ഇവിടെ മതബോധന ക്ലാസ്സുകൾ ആരംഭിച്ചു. അതോടൊപ്പം ഒരു ലൈബ്രറിയും സ്ഥാപിച്ചു. ചേറേങ്ങാടൻ ജോസ്, എളപ്പുങ്കൽ ചാക്കോ എന്നിവരായിരുന്നു, ആദ്യകൈക്കാരന്മാർ. ചേറേങ്ങാടൻ സൈമൺ ആയിരുന്നു മതബോധന ഹെഡ്മാസ്റ്റർ.

## ഇടവക

ജനങ്ങളുടെ അപേക്ഷ പരിഗണിച്ച് 1991 മേയ് മാസത്തിലെ DL 4/91-ാം നമ്പർ കല്പന പ്രകാരം അഭിവന്ദ്യപിതാവ് ചൊക്കന പള്ളിയെ നിശ്ചിത അതിർത്തികളോടെ 1991 മേയ് 12-ാം തിയ്യതി മുതൽ പ്രാബല്യത്തിൽ വരുന്നവിധം ഒരിടവകയായി ഉയർത്തി. ബഹു. ജോർജ്ജ് കണ്ടംകുളത്തി അച്ചനെ പ്രഥമ വികാരിയായി നിയമിക്കുകയും ചെയ്തു. 30 വീട്ടുകാരാണ് അന്ന് ഈ ഇടവകയുടെ പരിധിയിൽ ഉണ്ടായിരുന്നത്.



മതബോധന ഹാൾ

## പാരിഷ്ഹാൾ

1979-ലാണ് ബഹു. പോൾ സി. അമ്പൂക്കൻ അച്ചന്റെ നേതൃത്വത്തിൽ കുടുംബസമ്മേളനങ്ങൾ രൂപീകരിച്ചത്. പാരിഷ്ഹാൾ പണികൾ ആരംഭിച്ചതും പൂർത്തിയാക്കി വെഞ്ചിരിച്ചതും ബഹു. വിൻസെന്റ് ചാലിശ്ശേരിയച്ചന്റെ (1994-1997) കാലത്താണ്. പിന്നീട് ബഹു. ആന്റണി മാളിയേക്കൽ CMI അച്ചന്റെ (2005-08) നേതൃത്വത്തിൽ പള്ളിയുടെ നടപ്പുര പണിതു.

## സിമിത്തേരി

ഇവിടെ സ്വന്തമായി സിമിത്തേരി ഇല്ലാതിരുന്നതിനാൽ കൊടുങ്ങ സിമിത്തേരിയിലാണ് ഈ ഇടവകക്കാരുടെ മൃതദേഹങ്ങൾ സംസ്കരിച്ചിരുന്നത്. 1999-ൽ ബഹു. ജോൺ കവലക്കാട്ട് (Sr.) അച്ചന്റെ നേതൃത്വത്തിൽ, കൈക്കാരന്മാർ മാനാട്ടുകാലായിൽ ജോർജ്ജിന്റെ ഉത്തരവാദിത്വത്തിൽ സെൽ മോഡൽ സിമിത്തേരി പണിത് മേയ് മാസത്തിൽ പൂർത്തിയാക്കി. ഇതിന്റെ വെഞ്ചിരിപ്പുകർമ്മം 19.05.1999-ൽ അഭിവന്ദ്യപിതാവാണ് നിർവ്വഹിച്ചത്.

## കപ്പേള

ഇടവകയിലെ കുന്നുപുറം തൊമ്മൻ ചാക്കോയും മറ്റു ഗുണകാംക്ഷികളും നല്കിയ സംഭാവനകൊണ്ടാണ് 2002-ൽ കപ്പേള പുതിയതായി പണിതത്.

## സംഘടനകൾ

33 കത്തോലിക്കാകുടുംബങ്ങൾ ഉള്ള ഈ ചെറിയ ഇടവകയിൽ ഒരു കുടുംബയൂണിറ്റാണ് ഉള്ളത്. 1 മുതൽ 10 വരെ ക്ലാസ്സുകളിലായി മതബോധനവും കാര്യക്ഷമമായി നടക്കുന്നുണ്ട്.അൾത്താരബാല സംഘം തുടങ്ങി വിവിധ സംഘടനകൾ സജീവമായി പ്രവർത്തിക്കുന്നു.